പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.T3028 | 10. 05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഓപ്പറേഷൻ സാഗർ റാണി പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഓപ്പറേഷൻ സാഗർ റാണി പദ്ധതി പ്രകാരം എത്ര പരിശോധനകൾ എവിടെയെല്ലാം നടന്നു എന്നും അതിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തി എന്നും വ്യക്തമാക്കാമോ; | എ) | ഓപ്പറേഷൻ സാഗർറാണിയുടെ ആദ്യഘട്ടത്തിൽ 2016 ഡിസംബർ മാസത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്,കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും മത്സ്യലേല സ്ഥലങ്ങളിൽ നിന്നും മത്സ്യത്തിന്റെ ഏകദേശം 450 സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിപ്പിക്കുകയും കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ലാബിലും പരിശോധനയ്ക്കായി നൽകി. പരിശോധനാ ഫലങ്ങൾ ലഭ്യമായതിൽ നിന്നും 15 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിധ്യവും 5 സാമ്പിളുകളിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിധ്യവും കണ്ടെത്തിയിട്ടുണ്ട്. |
| ബി) | അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ? | ബി) | നിലവിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ഓപ്പറേഷൻ സാഗർറാണിയുടെ മൂന്നാം ഘട്ടത്തിൽ മത്സ്യത്തിന്റെ ഗുണനിവാര പരിശോധനയിൽ മത്സ്യത്തിൽ മായം കലർത്തുന്ന തായി കണ്ടെത്തുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Sheeshl

സെക്ഷൻ ഓഫീസർ